# ക്രൈസ്റ്റ് കോളേജ് (ഓട്ടോണമസ്) ഇരിങ്ങാലക്കുട

## കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. വീട്ടിൽനിന്ന് കോളേജിലേക്കും തിരിച്ചും യാത്ര ചെയ്യുമ്പോൾ അസുഖം ബാധിക്കാനുള്ള നിരവധി സാഹചര്യങ്ങൾ ഉണ്ടാവാം. ആയതിനാൽ രക്ഷിതാക്കളുടെയും അധ്യാപകരുടെയും ആരോഗ്യ പ്രവർത്തകരുടെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
2. മാസ്ക്, സാനിറ്റൈസർ എന്നിവയുടെ ഉപയോഗം, സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടെയുള്ള കൈ കഴുകൽ, ശാരീരിക അകലം പാലിക്കൽ എന്നിവ നിരന്തരം ശ്രദ്ധയിൽ ഉണ്ടാവണം.
3. ഭക്ഷണം, കുടിവെള്ളം എന്നിവയും ക്ലാസിൽ ഉപയോഗിക്കുന്ന മറ്റുവസ്തുക്കളും ആരുമായും പങ്കുവെയ്ക്കരുത്. കാന്റീനിലോ മറ്റ് സ്ഥലങ്ങളിലോ കൂട്ടംകൂടിയിരിക്കുവാനോ, സമയം ചിലവഴിക്കുവാനോ പാടില്ല.
4. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഗാർഡനിലേക്കുള്ള പ്രവേശനം കർശനമായി നിരോധിച്ചിരിക്കുന്നു.
5. കോളജിൽ വരേണ്ട ദിവസം, സമയം എന്നിവ പ്രിൻസിപ്പാൾ/ക്ലാസ്സ് ടീച്ചർ നിങ്ങളെ അറിയിക്കുന്നതാണ്.
6. ക്ലാസ്/പരീക്ഷ തുടങ്ങുന്നതിന് 15 മിനിറ്റിന് മുൻപ് മാത്രമേ ക്യാമ്പസിലേക്ക് പ്രവേശനം ഉണ്ടാകൂ. അതുപോലെ ക്ലാസ്/പരീക്ഷ സമയത്തിനുശേഷം 15 മിനിറ്റനകം എല്ലാവരും ക്യാമ്പസ് വിട്ട് പോകേണ്ടതാണ്.
7. വ്യക്തിശുചിത്വം, പരിസരശുചിത്വം ആരോഗ്യപരമായ ഭക്ഷണം എന്നീ കാര്യങ്ങളിൽ വിട്ടുവീഴ്ച അരുത്.
8. ഏതെങ്കിലും രീതിയിലുള്ള രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ കോളേജിൽ വരുവാൻ പാടില്ല. ക്യാമ്പസിൽ ഉള്ള സമയത്ത് രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ രക്ഷിതാക്കളെയോ അധ്യാപകരെയോ ഉടൻ അറിയിക്കേണ്ടതാണ്.
9. നിങ്ങളുടെ ആരോഗ്യം പോലെത്തന്നെ വീട്ടുകാരുടെ ആരോഗ്യവും നിങ്ങളുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ വീട്ടിലെത്തുമ്പോൾ സോപ്പിട്ട് കുളിച്ചതിനുശേഷം മാത്രം വീട്ടുകാരുമായി സമ്പർക്കം പുലർത്തുക.
10. നിങ്ങളെ അലട്ടുന്ന പ്രയാസങ്ങൾ അത് എന്തുതന്നെ ആയാലും അധ്യാപകരോട് തുറന്നുപറയുക.
11. കോവിഡിന്റെ കാര്യത്തിൽ ഭീതിയുടെ ആവശ്യമില്ല. എന്നാൽ, കരുതൽ വേണം.

സുരക്ഷിതമായി ആത്മവിശ്വാസത്തോടെ, സന്തോഷത്തോടെ ക്ലാസ്/പരീക്ഷ നേരിടുവാൻ ഒരുങ്ങുന്ന നിങ്ങളെ സഹായിക്കുവാനും ആവശ്യമുള്ള പിന്തുണ നൽകുവാനും ധാരാളം പേർ അരികിലുണ്ടെന്ന വിശ്വാസത്തോടെ മുന്നേറുക.

Name:............................................................

Class & Class No. ..........................................